# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി അനുപമ.റ്റി.വി. ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ്:- വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്ക് മധ്യവേനലവധിക്കാലത്ത് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :

## ഉത്തരവ് നമ്പർ ICPS 2/1308/2021 തീയതി : 08/04/2021

വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികൾക്കു വേണ്ടി മധ്യവേനലവധിക്കാലത്ത് പാഠ്യേതരമായ കലാകായിക ഇനങ്ങളിൽ പ്രത്യേക പരിശീലനങ്ങൾ നൽകേണ്ടതുണ്ട്. ആയത് കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കും മാനസിക ഉല്ലാസത്തിനും ഉതകുന്നതാണ് മാത്രമല്ല അവധിക്കാലം കുട്ടികൾക്ക് ആനന്ദകരവും പ്രയോജനകരവുമാവുകയും ചെയ്യും. ആയതിനാൽ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്ക് വിവിധ കലാ-കായിക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ആയതിനു വേണ്ടി വിവിധ സന്നദ്ധ സംഘടനകളുടെ സേവനവും തേടാവുന്നതാണ്. പരിപാടി സംഘടിപ്പിക്കുന്നതിനു വേണ്ടി ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, സ്ഥാപന സൂപ്രണ്ടുമാർ, സ്പോർട്സ് കൗൺസിൽ പോലുള്ള ഏജൻസിയിലെ പ്രതിനിധി, സന്നദ്ധ സംഘടനയിലെ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും പരിശീലനം നൽകുന്നതിനും, വിവിധ മത്സരങ്ങൾ നടത്തുന്നതുമയി ബന്ധപ്പെട്ട തീരുമാനങ്ങൾ പ്രസ്തുത കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള ചുമതല അതാത് ജില്ലയിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കാണ്.

### 1. യോഗ പരിശീലനം :-

മധ്യവേനലവധിക്കാലമായ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ കുട്ടികൾക്ക് യോഗ പരിശീലനം നൽകണം. ആയതിലേയ്ക്ക് അതാതു സ്ഥലത്തു നിന്നുള്ള വിദഗ്ദരായ യോഗ പരിശീലകരെ കണ്ടെത്തി കുട്ടികൾക്ക് യോഗ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്ഥാപന സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്. പരിശീലനം കഴിഞ്ഞതിനു ശേഷം ആയതിൽ താത് പര്യവും മികവും പുലർത്തുന്ന കുട്ടികളെ ഉൾപ്പെടുത്തി മറ്റ് കുട്ടികൾക്ക് പ്രജോദനമാകുന്ന രീതിയിൽ യോഗപ്രദർശനവും സംഘടിപ്പിക്കേണ്ടതാണ്.

### 2. കുട്ടികളിൽ വായനശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ:-

2021 ഏപ്രിൽ, മെയ് മാസങ്ങൾ സ്ഥാപനങ്ങളിൽ വായനാ മാസങ്ങളായി ആചരിക്കണം. ആയതിനു വേണ്ടിയുള്ള സൗകര്യങ്ങൾ സ്ഥാപന സൂപ്രണ്ടുമാർ ഒരുക്കി നൽകേണ്ടതാണ്. ആയതിലേയ്ക്ക് കുട്ടികൾക്ക് രസകരവും വിജ്ഞാനദായകവുമായ പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായനയ്ക്കായി നൽകണം. ഓരോ പുസ്തകവും വായിച്ചതിനു ശേഷം അതിനെക്കുറിച്ചുള്ള അവലോകനവും അഭിപ്രായവും ഉൾപ്പെടുത്തി സംക്ഷിപ്തമായ നോട്ടു തയ്യാറാക്കി നൽകുവാനും കുട്ടികളോടു ആവശ്യപ്പെടണം. ഈ നോട്ട് സൂപ്രണ്ട് സൂക്ഷിച്ചു വയ്ക്കണം. മെയ് മാസാവസാനം മറ്റു കുട്ടികളുടേയും ക്ഷണിയ്ക്കപ്പെട്ടവരുടേയും മുൻപാകെ വായിച്ച

പുസ്തകങ്ങൾ സംബന്ധിച്ച് കുട്ടികൾ തന്നെ അവതരണം നടത്തേണ്ടതാണ്. ഏറ്റവും നന്നായി അവതരണം നടത്തുന്ന കുട്ടിയ്ക്ക് യോഗത്തിൽ വച്ച് സമ്മാനവും നൽകണം. കുട്ടികൾ നടത്തുന്ന അവതരണങ്ങളിൽ നല്ലത് തെരഞ്ഞെടുത്ത് പുസ്തകരൂപത്തിലാക്കി സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.

3. നീന്തൽ/സൈക്ലിംഗ് പരിശീലനം സംഘടിപ്പിക്കൽ:-

താത്പര്യവും ശേഷിയുമുള്ള കുട്ടികൾക്ക് നീന്തൽ, സൈക്ലിംഗ് എന്നീ ഇനങ്ങളിൽ പരിശീലനം സംഘടിപ്പിയ്ക്കാവുന്നതാണ്. ആയതിന് അതാതു സ്ഥലത്ത് നിന്നുള്ള പരിശീലകരെ കണ്ടെത്തിയോ ഏതെങ്കിലും ക്ലബ്ബുമായി സഹകരിച്ചോ പരിശീലനം സംഘടിപ്പിയ്ക്കാം. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കി കൊണ്ടു വേണം പ്രസ്തുത പരിശീലനം സംഘടിപ്പിക്കേണ്ടത്. പരിശീലകനെ തെരഞ്ഞെടുക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. പെൺകുട്ടികൾക്കുള്ള പരിശീലനത്തിന് സ്ത്രീകളെ മാത്രമേ നിയോഗിക്കുവാൻ പാടുള്ളൂ.

4. ബാഡ്മിൻറൻ ടൂർണ്ണമെൻറ്:-

താത്പര്യവും ശേഷിയുമുള്ള കുട്ടികൾക്ക് വിദഗ്ദരായ പരിശീലകൻെറ നേതൃത്വത്തിൽ കുട്ടികൾക്ക് ബാഡ്മിൻറൻ പരിശീലനം നൽകുകയും ജില്ലയിലെ മറ്റ് ഹോമുകളുമായി ബന്ധപ്പെട്ട് ബാഡ്മിൻറൻ ടൂർണ്ണമെൻറ് സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. ആയതിന് വിദഗ്ദ്ധരുടേയും സന്നദ്ധ സംഘടനകളുടേയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

4. കലാകായിക പരിശീലനം, ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കൽ:-

കുട്ടികൾക്കു താത്പര്യമുള്ള ഇനങ്ങളിൽ കലാ-കായിക പരിശീലനം നൽകുകയും അതോടൊപ്പം ജില്ലാതലത്തിൽ മറ്റ് ഹോമുകളിലെ സൂപ്രണ്ടുമാരുമായി ബന്ധപ്പെട്ട് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

5. ലൈഫ് സ്കിൽ ക്ലാസ്സുകൾ/തിയറ്റർ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക:-

കുട്ടികളുടെ ചിന്തയും, ഭാവനയും, ആത്മവിശ്വാസവും വളർത്തുന്ന രീതിയിലുള്ള മോട്ടിവേഷൻ ക്ലാസ്സുകൾ, തിയറ്റർ വർക്ക്ഷോപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കണം, ആയതിന് ഇത്തരം മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്താം.

2021 മധ്യവേനലവധിക്കാലത്ത് ചുവടെ ചേർക്കുന്ന 16 സ്ഥാപനങ്ങൾക്ക് ചുവടെ ചേർക്കും പ്രകാരം തുക അനുവദിക്കാവുന്നതാണ്.

| നം | സ്ഥാപനത്തിൻെറ പേര് | അനുവദിക്കേണ്ട തുക | STSB A/C No |
|---|---|---|---|
| 1 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പൂജപ്പുര, തിരുവനന്തപുരം | 30,000 /-രൂപ | STSB Account Number : 701021400000194, Account Name : SUPERINTENDENT, Government Special Home and Children's Home, Poojappura, Treasury Name : Principal Sub Treasury, East Fort, Phone Number of Superintendent : 6238157905 |
| 2 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ബീച്ച് റോഡ്, കൊല്ലം | 30,000 /-രൂപ | STSB Account Number : STSB A/C 703011400000204<br>Account Name : Govt Childrens Home, Kollam<br>Treasury Name : District, Treasury, Kollam<br>Phone Number of Superintendent : |
| 3 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തിരുവഞ്ചൂർ, കോട്ടയം | 30,000 /-രൂപ | STSB Account Number : 708011400000022,<br>Account Name : Govt Children's Home Kottayam,<br>Treasury Name : District Treasury Kottayam<br>Phone Number of Superintendent : 9048135140 |
| 4 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, മായിത്തറ, ആലപ്പുഴ | 25,000 /-രൂപ | STSB Account Number : 706011400000069, Account Name : Superintendent, Govt Children's Home, Mayithara, Cherthala,<br>Treasury Name : District Treasury, Alappuzha,<br>Phone Number of Superintendent : 9400114062 |

| | | | |
|---|---|---|---|
| 5 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, നൂറനാട്, ആലപ്പുഴ | 25,000 /-രൂപ | STSB Account Number : 799011400000303<br>Account Name : Govt CH, Nooranad<br>Treasury : Sub Treasury, Noora nad<br>Phone Number : 9447231307 |
| 6 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, എറണാകുളം (ഗേൾസ്) | 35,000 /-രൂപ | STSB Account Number : 711011400000156<br>Account Name : Superintendent, Govt Children's Home, Kakkanad<br>Treasury : District Treasury, Kakkanad<br>Phone Number of Superintendent : 9496235103 |
| 7 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, രാമവർമ്മപുരം, തൃശൂർ | 30,000 /-രൂപ | STSB Account Number : 713011400000026<br>Account Name : Govt Children's Home, Thrissur<br>Treasury Name : District Treasury, Thrissur<br>Phone Number of Supdt:9446530079 |
| 8 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, വെള്ളിമാടുകുന്ന്, കോഴിക്കോട് | 35,000 /-രൂപ | STSB Account Name : Govt.Children's Home for Girls,Kozhikkode<br>STSB Account Number : 716011400000025, Treasury Name : District Treasury, Kozhikkode<br>Phone Number of Supdt: 9497216323 |
| 9 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, വെള്ളിമാടുകുന്ന്, കോഴിക്കോട് | 30,000 /-രൂപ | STSB Account Number : 716011400000233, Account Name : Superintendent, Government Children's Home for boys, , Kozhikkode<br>Treasury Name : District Treasury, Kozhikkode<br>Phone Number of Superintendent : 9496218778 |
| 10 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, തലശ്ശേരി, കണ്ണൂർ | 25,000 /-രൂപ | STSB Account Name : Superintendent, Govt.Childrens Home for Girls,Thalassery,Kannur<br>STSB Account Number:14/367<br>Treasury Name:Sub Treasury,Thalassery<br>Phone Number of Supdt:9746445843 |
| 11 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, വയലത്തല, പത്തനംതിട്ട | 25,000 /-രൂപ | STSB Account Name : Superintendent, Govt Observation Home, Pathanamthitta<br>STSB Account Number : 705041400000005<br>Treasury Name : Sub Treasury Ranni<br>Phone Number of Supdt: 9847386335 |
| 12 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,മുട്ടിക്കുളങ്ങര,പാലക്കാട് | 25,000 /-രൂപ | STSB Account Number : 714021400000016<br>Account Name : Superintendent, Govt Observation Home And Sp Childrens Home<br>Treasury Name : Sub Treasury Palakkad<br>Phone Number of Superintendent : 9605191891 |
| 13 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണിയാമ്പറ്റ, വയനാട് | 25,000 /-രൂപ | STSB Account Number : 718011400000056<br>Account Name : Superintendent, Govt. observation Home, Kaniyambetta, Wayanad<br>Treasury Name: District Treasury Kalpatta, Wayanad<br>Phone Number of Superintendent : 9447237812: |
| 14 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തവനൂർ, മലപ്പുറം | 25,000 /-രൂപ | STSB Account Number : 715081400000018<br>Account Name : Govt Children's Home, Thavanoor<br>Treasury Name : Sub Treasury, Valanchery<br>Phone Number of Superintendent : 9495264253 |
| 15 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തലശ്ശേരി, കണ്ണൂർ | 25,000 /-രൂപ | STSB Account Number : 722031400000041,<br>Account Name : Superintendent, Govt Children's home for boys, Thalassery<br>Treasury Name : Sub treasury Thalassery<br>Phone Number of Superintendent : 9446340502 |
| 16 | ഗവ ചിൽഡ്രൻസ് ഹോം, പരവനടുക്കം, കാസർഗോഡ് | 25,000 /-രൂപ | STSB Account Number : 720011400000054<br>Account Name : Superintendent, Govt Observation Home<br>Treasury Name : Dist Treasury, Kasargod<br>Phone Number of Superintendent : 9747178076 |
| | ആകെ തുക | 4,45,000/-രൂപ | |
| | | (നാല് ലക്ഷത്തി നാൽപ്പത്തി അഞ്ചായിരം രൂപ മാത്രം) | |

ഈ സാഹചര്യത്തിൽ മധ്യവേനലവധിക്കാലത്ത് ജെ.ജെ സ്ഥാപനങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നതിന് മേൽപ്പട്ടിക പ്രകാരമുള്ള 16 ചിൽഡ്രൻസ് ഹോമുകൾക്കും കൂടി 4,45,000/-രൂപ (നാല് ലക്ഷത്തി നാൽപ്പത്തി അഞ്ചായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (4,45,000/-രൂപ) STSB A/C 701121400000005-ൽ നിന്നും മേൽപ്പട്ടിക പ്രകാരം അതാത് സ്ഥാപന സൂപ്രണ്ടുമാരുടെ STSB അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ട്രാൻസ്ഫർ ആയി നൽകേണ്ടതാണ്. ടി തുകയുടെ റസീപ്റ്റ്, ധനവിനിയോഗ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ സ്ഥാപനസൂപ്രണ്ടുമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഒരോ സ്ഥാപനവും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ശിപാർശയോടു കൂടി ഫോട്ടോ സഹിതം 2021 ജൂൺ 15-ാം തീയതിയ്ക്കു മുൻപ് ഈ ഓഫീസിൽ സമർപ്പിയ്ക്കണം. പ്രസ്തുത റിപ്പോർട്ടിൽ ചെലവ് സംബന്ധമായ സ്റ്റേറ്റ്മെൻറ് ഉണ്ടായിരിക്കണം.

മധ്യവേനലവധിക്കാലം സ്ഥാപനത്തിലെ കുട്ടികൾക്ക് മാനസികോല്ലാസദായകവും ആനന്ദപ്രദവും വിജ്ഞാനപ്രദവും ആക്കി തീർക്കുന്നതിനുള്ള നടപടികൾ അതാതു സ്ഥാപനസൂപ്രണ്ടുമാർ കൈകൊള്ളേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

- എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
- എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
- എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും

<u>പകർപ്പ്</u>

1. ഐ.സി.പി.എസ് - 4A
   (ചെലവ് സംബന്ധിച്ച് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
2. സ്റ്റോക്ക് ഫയൽ
3. സ്പെയർ കോപ്പി
4. വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്